**ശ്രദ്ധക്ഷണിക്കൽ**

ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയാൻ
അടിയന്തര നടപടി

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ആന്റി ബയോട്ടിക്കുകളുടെ അമിതമായ ഉപയോഗത്തെ സംബന്ധിച്ചും അനവസരത്തിൽ ആന്റിബയോട്ടികളുടെ ഉപയോഗത്തെ സംബന്ധിച്ചുമുണ്ടാകുന്ന പ്രശ്നങ്ങളെ ചൂണ്ടിക്കാണിക്കാനാണ് ഈ ശ്രദ്ധക്ഷണിക്കൽ ഇവിടെ അവതരിപ്പിക്കുന്നത്.

.....(ബഹളം)......

മി. സ്പീക്കർ: പ്ലീസ്..........പ്ലീസ്.... സഭ അടുത്ത അജണ്ടിയിലേയ്ക്ക് കടന്നുകഴിഞ്ഞു. ഇത് ശ്രദ്ധക്ഷണിക്കലാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: മരുന്നുകളുടെ ഉപയോഗത്തിൽ രാജ്യത്തെ മറ്റേതൊരു സംസ്ഥാനത്തെയും അപേക്ഷിച്ച് കേരളം വളരെ മുന്നിലാണെന്ന് നമുക്കറിയാവുന്നതാണ്. കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ കണക്കനുസരിച്ച് കേരളത്തിലെ മരുന്നുകളുടെ പ്രതിശീർഷ ചെലവ് 2567 രൂപയാണെന്ന് കാണുന്നു. ബീഹാറിൽ ഇത് 298 രൂപ മാത്രമാണ്. മരുന്ന് ഉല്പാദകരുടെ പ്രധാന

വിപണിയാണ് കേരളം. ഡോ. ബി. ഇക്ബാൽ ചെയർമാനായ വിദഗ്ദ്ധ സമിതിയുടെ കണ്ടെത്തലനുസരിച്ച് 2017-18-ൽ 8000 കോടി രൂപയുടെ അലോപ്പതി മരുന്നാണ് കേരളീയർ കഴിച്ചത്. മരുന്നുതീനികളുടെ നാടാണ് കേരളം. ഹോമിയോ, ആയുർവേദം, യുനാനി, സിദ്ധ തുടങ്ങിയ ചികിത്സാ വിഭാഗങ്ങൾക്കായി ചെലവിട്ട തുകകൂടി ഇതിൽ ഉൾപ്പെടുത്തിയാൽ 15,000 കോടി രൂപവരും ഒരു വർഷത്തിൽ കേരളീയർ ഉപയോഗിക്കുന്ന മരുന്നിന്റെ വില. മനുഷ്യരുടെയും മൃഗങ്ങളുടെയും രോഗങ്ങൾ മരുന്നുകൊണ്ട് ചികിത്സിച്ച് ഭേദപ്പെടുത്താൻ കഴിയാത്ത ഒരു സാഹചര്യത്തെക്കുറിച്ച് ആലോചിക്കാൻ കഴിയില്ല. പക്ഷേ ശ്രദ്ധിച്ചില്ലെങ്കിൽ രോഗം അത്തരമൊരു അവസ്ഥയിലെത്തിക്കൂടായ്കയില്ല. .......(ബഹളം)......

(പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിക്കുകയും ബാനർ പ്രദർശിപ്പിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടുമിരുന്നു.)

<u>മി. സ്പീക്കർ</u>: പ്ലീസ്..........പ്ലീസ്.......... അംഗങ്ങൾ ചെയറിൽ പോയിരിക്കണം. ബിസിനസ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: രോഗത്തിന് കാരണമാകുന്ന ബാക്ടീരിയ മരുന്നുകളോട് പ്രതിരോധം തീർക്കുന്ന അവസ്ഥ ആരോഗ്യ ഭീഷണിയായി മാറിയിരിക്കുകയാണ്. ആഗോളതലത്തിൽ ആരോഗ്യമേഖല ഇന്ന് നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നായി ലോകാരോഗ്യ സംഘടന കണക്കാക്കുന്നത് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ.) ആണ്. ആന്റി ബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗംമൂലം രോഗാണുക്കൾ പ്രതിരോധശേഷി നേടുന്നു. തുടർന്ന് രോഗാവസ്ഥ മൂർച്ഛിക്കുന്നു. മനുഷ്യരിൽ മാത്രമല്ല, കോഴി താറാവ്, കന്നുകാലി മത്സ്യകൃഷി എന്നീരംഗങ്ങളിലെല്ലാം അശാസ്ത്രീയമായ നിലയിൽ ഇത് പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. ലോകത്ത് ഉല്പാദിപ്പിക്കപ്പെടുന്ന ആന്റി ബയോട്ടിക്കുകളിൽ 70 ശതമാനവും മൃഗങ്ങളിലാണ് ഉപയോഗിക്കുന്നതെന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്. ആന്റി ബയോട്ടിക് മരുന്നുകളുടെ ദുരുപയോഗവും അതുപോലെ അണുബാധകൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ പദ്ധതികളുടെ അഭാവവും ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ അപര്യാപ്തമായ നിരീക്ഷണവുമൊക്കെ തുടരുമ്പോൾ എ.എം.ആർ. വർദ്ധിക്കുന്നു. ഈ സ്ഥിതി മാറ്റമില്ലാതെ തുടർന്നാൽ

2050-ഓടുകൂടി ഒരു കോടി ആളുകൾ ലോകമെമ്പാടും ഇതുമൂലം മരിക്കാനിടയുണ്ടെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

(തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുന്നതായി പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തുകയും മുദ്രാവാക്യം വിളിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോകുകയും ചെയ്തു.)

മി. സ്പീക്കർ: .......(ബഹളം)......പ്ലീസ്.........പ്ലീസ്......

ശ്രീ. ഇ. ചന്ദ്രശേഖരൻ: 2019-ൽ ലോകത്തെ 1.27 ദശലക്ഷം മരണങ്ങൾക്ക് ആന്റി ബയോട്ടിക് പ്രതിരോധം നേരിട്ട് കാരണമായിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. കോവിഡ് 19 പോലെതന്നെ പൊതുജനാരോഗ്യത്തിന് വലിയൊരു ഭീഷണിയാണ് ആന്റി ബയോട്ടിക് പ്രതിരോധം. എ.എം.ആർ. ആഗോള കർമ്മ പദ്ധതി 2015-ൽ രൂപീകരിക്കുകയുണ്ടായി. ഇന്ത്യൻ നാഷണൽ ആക്ഷൻ പ്ലാൻ 2017-ൽ പുറത്തിറങ്ങി. വൈകാതെ 2018-ൽ കേരളവും കർമ്മ പദ്ധതി തയ്യാറാക്കി. രാജ്യത്ത് ഇങ്ങനെ കർമ്മ പദ്ധതി തയ്യാറാക്കിയ ആദ്യ സംസ്ഥാനം കേരളംതന്നെയാണ്. ഈ പ്രതിരോധപ്രവർത്തനങ്ങൾക്കുവേണ്ടി കേരള

ഗവൺമെന്റാണ് മുന്നിട്ടിറങ്ങി പ്രവർത്തനങ്ങളാരംഭിച്ചത്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എ.എം.ആർ. തോത് കുറയ്ക്കാനുള്ള പരിപാടികൾ ഇതിൽപ്പെടുന്നു. വിശദമായ സ്ട്രാറ്റജി നടപ്പാക്കിയ പരിപാടികളുടെ അടിസ്ഥാനത്തിൽ 2021-ലെ എ.എം.ആർ. നിരീക്ഷണ റിപ്പോർട്ട് 22 നവംബറിൽ സംസ്ഥാന ആരോഗ്യവകുപ്പ് പുറത്തിറക്കുകയും ചെയ്തു. കേരളം ഇക്കാര്യത്തിൽ വളരെയേറെ മുന്നോട്ടുപോയിരിക്കുന്നുവെന്നത് ഒരു വസ്തുതയാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് സ്ഥിതി മെച്ചപ്പെട്ടുവരുന്നു എന്നതാണ് ഈ പഠനങ്ങളിൽനിന്നും വ്യക്തമാകുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തെ സമ്പൂർണ്ണ ആന്റി ബയോട്ടിക് സാക്ഷരതയുള്ള സംസ്ഥാനമായി മാറ്റേണ്ടതുണ്ട്. ആന്റി ബയോട്ടിക് രഹിത ഭക്ഷണവും വെള്ളവും ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം സർവ്വത്രികമായി നാം പ്രചരണം നടത്തേണ്ടതായിരിക്കുന്നു. ഇത് വിദ്യാർത്ഥി സമൂഹത്തിനിടയിലേയ്ക്കും സമൂഹത്തിന്റെ താഴെത്തലങ്ങളിലേയ്ക്കും എത്തിക്കാനാവശ്യമായ നടപടിയുണ്ടാകണം. ഡോക്ടറുടെ നിർദ്ദേശമില്ലാതെ ആന്റി ബയോട്ടിക്കുകൾ ഉപയോഗിക്കാൻ പാടില്ല. ജില്ലാ ബ്ലോക്ക് തലത്തിലും കുടുംബാരോഗ്യ

കേന്ദ്രങ്ങളുടെ അടിസ്ഥാനത്തിലും ഇതിന്റെ പ്രചരണവും ഇടപെടലും അത്യാവശ്യമായി മാറിയിരിക്കുകയാണ്. ആന്റി ബയോട്ടിക്കുകൾക്കെതിരെ രോഗാണുക്കൾ പ്രതിരോധശേഷിയാർജ്ജിക്കുന്ന എ.എം.ആർ. സംബന്ധിച്ച് ലോകത്താകെ വലിയ ബോധവത്ക്കരണംതന്നെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിൽ ആരോഗ്യവകുപ്പ് ഇതിനെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ഇതിൽ കുറച്ചുകൂടി ജാഗ്രത അനിവാര്യമാണ്. എല്ലാ ആശുപത്രികളെയും സമയബന്ധിതമായി സ്മാർട്ട് ആശുപത്രികളാക്കാൻ നടപടി സ്വീകരിക്കണം. ആന്റി ബയോട്ടിക് സാക്ഷര കേരളം, സ്മാർട്ട് ഹോസ്പിറ്റൽ എന്നിവ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. കേരള എ.എം.ആർ. സർവയലൻസ് നെറ്റ്‌വർക്കിൽ എല്ലാ ആശുപത്രികളെയും ചേർക്കേണ്ടതുണ്ട്. അതിനായി ശക്തമായ ഇടപെടലുണ്ടാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിലേയ്ക്കാണ് ബഹുമാനപ്പെട്ട

അംഗം സഭയുടെ ശ്രദ്ധക്ഷണിച്ചിരിക്കുന്നത്. ഈ വിഷയം സഭയിൽ ഉന്നയിച്ചതിൽ ബഹുമാനപ്പെട്ട അംഗത്തെ പ്രത്യേകമായി അഭിനന്ദിക്കുകയും നന്ദിപറയുകയും ചെയ്യുകയാണ്. ആന്റി മൈകോബിയൽ റെസിസ്റ്റന്റ്സ് എന്നാൽ ആന്റി ബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗംമൂലം രോഗാണുക്കൾക്ക് ആന്റിബയോട്ടിക്കുകൾക്കെതിരെ പ്രതിരോധശേഷി ആർജ്ജിക്കുന്ന പ്രത്യേകമായ അവസ്ഥയാണ്. ലോകാരോഗ്യ സംഘടന ഇതിനെ വിശേഷിപ്പിച്ചത് silent pandemic അഥവാ നിശബ്ദമായ മഹാമാരി എന്നാണ്. ഇപ്പോഴത്തെ സ്ഥിതി തുടർന്നാൽ 2050 ആകുമ്പോഴേയ്ക്കും ലോകത്ത് ഒരു കോടി ആളുകൾ ആന്റി മൈകോബിയൽ റെസിസ്റ്റന്റ്സുമൂലം മരണപ്പെടുമെന്നാണ് ലോകാരോഗ്യ സംഘടന പറയുന്നത്. ലോകാരോഗ്യ സംഘടനയുടെ വെബ്സൈറ്റിൽ ജനുവരി മാസത്തിലെ വോള്യം 23-ൽ ആന്റി മൈക്രോബിയൽ റെസിസ്റ്റന്റ്സുമായി ബന്ധപ്പെട്ട ലേഖനത്തിൽ കേരളത്തിലെ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞ വാക്കുകൾ ഉദ്ധരിച്ചുവെന്നത് കേരളത്തിലെ ആരോഗ്യമേഖല ആന്റി മൈക്രോബിയൽ റെസിസ്റ്റന്റ്സിനെതിരെ സ്വീകരിക്കുന്ന നിലപാടുകൾക്കുള്ള അംഗീകാരമായിക്കൂടി കരുതുകയാണ്.

ഇത്രയും പ്രധാനപ്പെട്ട വിഷയങ്ങളിൽനിന്നും പ്രതിപക്ഷം മാറിനിൽക്കുന്നത്, കേരളം ഇന്നോളം കണ്ടിട്ടില്ലാത്ത വിധത്തിൽ രാഷ്ട്രീയനിലപാടുകളില്ലാത്ത രാഷ്ട്രീയ വ്യക്തതയില്ലാത്ത, രാഷ്ട്രീയ ദർശനമില്ലാത്ത ഒരു പ്രതിപക്ഷമായി ഇന്ന് കേരളത്തിലെ പ്രതിപക്ഷം അധഃപതിച്ചുവെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇന്നിവിടെ കണ്ടത്. അതുമാത്രമല്ല, അത് വ്യാജന്മാരുടെയും കയ്യേറ്റക്കാരുടെയും കൊള്ളക്കാരുടെയും കൂട്ടായ്മയായി കേരളത്തിലെ പ്രതിപക്ഷം മാറിയെന്നുള്ളത് നമ്മൾ കാണേണ്ടതുണ്ട്. സഭയിൽ വളരെ പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ വസ്തുതകളൊന്നുമില്ലാതെയാണ് അതിൽനിന്നും പ്രതിപക്ഷം ഒളിച്ചോടി പോകുന്നതെന്നുകൂടി നമ്മൾ കാണേണ്ടതായിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. നമ്മൾ കൃത്യമായ ഇടപെടലിലൂടെ കൃത്യമായ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ തയ്യാറാക്കിയാണ് നൂതനമായിട്ടുള്ള ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കുന്നത്. ലോകത്താദ്യമായിട്ടാണ് ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റൽ എന്ന ആശയം സംസ്ഥാന സർക്കാർ കേരളത്തിൽ മുന്നോട്ടുവയ്ക്കുന്നത്. രണ്ട് കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ ഇതിനോടകം

ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റൽ ആക്കി മാറ്റിയിട്ടുണ്ട്. അതിൽ രാജ്യത്തെ രാജ്യത്തെ ആദ്യത്തെ ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റൽ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ മണ്ഡലത്തലുൾപ്പെട്ട കക്കോടിയിലെതാണ്. നവംബർ മാസത്തിലാണ് ആ കുടുംബ ആരോഗ്യ കേന്ദ്രം ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റലായി മാറിയത്. രണ്ട് ആരോഗ്യ കേന്ദ്രങ്ങൾ ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റലുകൾ ആയി മാറിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു നെറ്റ്‌വർക്ക് രൂപീകരിച്ചിട്ടുണ്ട്. ആ KARSAP-ന്റെ കീഴിൽ ആറ് തന്ത്രപ്രധാനമായ മുൻഗണനകളാണുള്ളത്. ഒന്ന് awareness and understanding (ബോധവൽക്കരണവും ധാരണയും) - ഡോക്ടറുടെ കുറിപ്പടിയോടുകൂടി മാത്രമേ ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കാൻ പാടുള്ളൂവെന്ന കർശനമായ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായിട്ടാണ് ഡ്രഗ്സ് കൺട്രോളർ വളരെ കൃത്യമായിട്ടുള്ള പരിശോധനകൾ നടത്തി കുറിപ്പടിയില്ലാതെ over the counter ആന്റിബയോട്ടിക്കുകൾ നൽകുന്ന മെഡിക്കൽ ഷോപ്പുകളുടെ ലൈസൻസ് റദ്ദാക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി ഓപ്പറേഷൻ

അമൃത് പ്രത്യേക പദ്ധതി സംസ്ഥാന സർക്കാർ അവിഷ്കരിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിൽ നിരവധിയായ പരിശോധകൾ ഇതുമായി ബന്ധപ്പെട്ട് നടത്തുന്നുണ്ട്. അതിന്റെ ഭാഗമായി 165 ചില്ലറ ഔഷധ വില്പന കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും നിയമലംഘനങ്ങൾ കണ്ടെത്തിയതിനെത്തുടർന്ന് വകുപ്പുതല നടപടികളുടെ ഭാഗമായി 91 സ്ഥാപനങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും 5 ഔഷധ വിൽപ്പന ലൈസൻസുകൾ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ജനുവരി മാസം ആറാം തീയതി പ്രത്യേകമായിട്ട് ഒരു ടോൾ ഫ്രീ നമ്പർ കൂടി പൊതുജനങ്ങളിൽനിന്ന് പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഒരു കാര്യം വളരെ കൃത്യമാണ് - ഓപ്പറേഷൻ അമൃത്-ലൂടെ over the counter without prescription ആന്റിബയോട്ടിക്കുകൾ നൽകുന്ന മെഡിക്കൽ ഷോപ്പുകൾക്കെതിരെ നടപടിയെടുക്കും. ഇത് സംബന്ധിച്ച പരാതികൾ പോതുജനങ്ങൾക്ക് അറിയിക്കാവുന്നതാണ് അതിൽ കർശനമായിട്ടുള്ള നിലപാടുകൾ സ്വീകരിച്ചുതന്നെ മുന്നോട്ടുപോകും. ബോധവൽക്കരണത്തിനോപ്പം തന്നെ അറിവും തെളിവും (knowledge and evidence) എന്നുള്ളത് വളരെ പ്രധനപ്പെട്ടതാണ്. ഇതിന്റെ ഭാഗമായിട്ടുള്ള

പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇപ്പോൾ സംസ്ഥാനത്ത് 11 ജില്ലകളിൽ ജില്ലാ എ.എം.ആർ. ലാബുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതുവഴി രോഗികൾക്ക് ഗുണകരമായ രീതിയിൽ കൾച്ചർ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും എ.എം.ആർ. സർവൈലൻസ് നടപ്പിലാക്കാനും നമുക്ക് സാധിക്കുന്നു. അതോടൊപ്പംതന്നെ ഇൻഫെക്ഷൻ പ്രിവൻഷൻ (അണുബാധ നിയന്ത്രണം) കേരളത്തിലെ വിവിധ തലത്തിലുള്ള സർക്കാർ ആശുപത്രികളിൽ ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റികൾ രൂപീകരിച്ച് അതിന്റെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് മുഴുവൻ ജീവനക്കാർക്കും ആവശ്യമായ പരിശീലനങ്ങൾ നടത്തി ആശുപത്രികളിൽ അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. Rational Antibiotic Therapy - ആന്റി മൈക്രോബിയൻ ഉപയോഗം ശരിയായ രൂപത്തിലാണെന്ന് ഉറപ്പുവരുത്തുന്നതിനായി ആശുപത്രികളിലെ ആന്റിബയോട്ടിക്ക് ഉപയോഗം കൃത്യമായി മോണിറ്റർ ചെയ്യുകയും ആന്റിബയോട്ടിക് മെട്രിക്സ് മോണിറ്റർ ചെയ്യുകയും വിവിധ തരത്തിലുള്ള ആശുപത്രികളെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കി മാറ്റുക, ആശുപത്രികളിൽ ആന്റിബയോട്ടിക്കുകളുടെ

ശരിയായ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി ആന്റിബയോട്ടിക് സ്റ്റിവാർഡ്ഷിപ് പ്രോഗ്രാം നടപ്പിലാക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം ഇതിന്റെ ഭാഗമായി നടന്നുവരുന്നു. റിസർച്ചിന്റെ ഭാഗമായി, എ.എം.ആർ സംബന്ധിച്ച ഗവേഷണങ്ങൾ മെഡിക്കൽ കോളേജുകൾ, ഹെൽത്ത് സർവ്വീസ് തലങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെതന്നെ collaboration - ഏകാരോഗ്യ പദ്ധതിയുടെ ഭാഗം കൂടിയായി വിവിധ വകുപ്പുകൾ, ഐ.എം.എ, ഐ.എ.പി., മറ്റ് വിവിധ സംഘടനകൾ, ഡ്രഗ്സ് കൺട്രോളർ എന്നിവരെല്ലാം ചേർന്ന് എ.എം.ആർ.-ന് എതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നത്. ഉപയോഗ ശൂന്യമായതും കാലാവാധി കഴിഞ്ഞതുമായ മരുന്നുകൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി PROUD (Programme for Removal of Unused Drugs) എന്ന പദ്ധതി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പൈലറ്റ് പ്രോജക്ടായി ആരംഭിച്ചു. 14 ജില്ലകളിൽ നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതോടൊപ്പം നമ്മുടെ ലക്ഷ്യം 2024-ഓടുകൂടി സംസ്ഥാനത്തെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളെയും

ആന്റിബയോട്ടിക് സ്മാർട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയെന്നതാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങൾ മാത്രമല്ല പ്രൈമറി ലെവലിൽ മാത്രമല്ല സെക്കന്ററി ലെവലിലും ടെർഷ്യറി ലെവലിലും മാറ്റമുണ്ടാകും. കോട്ടയം മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ത്രിതീയ തലത്തിലുള്ള ആശുപത്രികൾ വളരെ മികച്ച പ്രവർത്തനമാണ് ആന്റിബയോട്ടികുകളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് നടത്തുന്നത്. ലോകാരോഗ്യ സംഘടന ക്ലാസിഫൈ ചെയ്തത് അനുസരിച്ച് access watch and research എന്ന വിവിധ വിഭാഗങ്ങളിലായി ആന്റിബയോട്ടിക്കുകളുടെ ഉപയോഗം കൃത്യമായി മോണിറ്റർ ചെയ്യപ്പെടുന്നുണ്ട്. ഈ ലക്ഷ്യം മുന്നിൽ വച്ച് കൊണ്ടുകൂടിയാണ് എല്ലാ ആശുപത്രികളിലും മാസത്തിൽ ഒരിക്കലെങ്കിലും സൂപ്രണ്ടിന്റെ നേതൃത്വത്തിൽ prescription audit നടത്തണമെന്ന് വളരെ കൃത്യമായി നിലപാടെടുത്ത് മുന്നോട്ടുപോകുന്നുണ്ട്. വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം കൂടിയുണ്ട്. ഇതിന് ഒരു സർവൈലൻസ് നെറ്റ്‌വർക്ക് സംസ്ഥാന സർക്കാർ രൂപികരിച്ചിട്ടുണ്ട്. 40 ആശുപത്രികളെ ഈ നെറ്റ്‌വർക്കിൽ വന്നിട്ടുള്ളൂ. എന്നാൽ കൂടുതൽ ആശുപത്രികൾ പുറത്തുനിൽക്കുകയാണ്. ആശുപത്രികൾ ഇതിലുൾപ്പെടാതെയിരിക്കുന്നത്

അവിടെ തെറ്റായ രീതിയിൽ ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്നുണ്ടോയെന്ന സംശയം തീർച്ചയായിട്ടുമുണ്ട്. അതുകൊണ്ട് ഈ KARSAP നെറ്റ്‌വർക്കിൽ വരാത്ത ആശുപത്രികളുടെ വിവരങ്ങൾ പുറത്ത് പ്രസിദ്ധികരിക്കുന്നതിനാണ് ആരോഗ്യവകുപ്പ് ഇപ്പോൾ ആലോചിക്കുന്നത്. കൂടുതൽ ആശുപത്രികളെ ഈ നെറ്റ്‌വർക്കിലേയ്ക്ക് കൊണ്ടുവരുന്നതിനാണ് ആരോഗ്യവകുപ്പ് ലക്ഷ്യമിടുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേരള എ.എം.ആർ. സർവൈലൻസ് നെറ്റ്‌വർക്കിൽ എല്ലാ ആശുപത്രികളെയും ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ഇപ്പോഴും നാമമാത്രമായ ആശുപത്രികൾ മാത്രമാണുൾപ്പെട്ടിരിക്കുന്നത്. അവശേഷിക്കുന്ന ആശുപത്രികളെക്കൂടി നെറ്റ്‌വർക്കിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, ഞാൻ അതിനുള്ള ഉത്തരം പറഞ്ഞുകഴിഞ്ഞു. ഏതാണ്ട് നാൽപതോളം ആശുപത്രികളാണ് ഇതിലുൾപ്പെടുന്നത്. ഇതിനുപുറത്ത് നിൽക്കുന്ന ബഹുഭൂരിഭാഗം ആശുപത്രികളും

ഇതിൽ ചേരേണ്ടതായിട്ടുണ്ട്. ഇതുസംബന്ധിച്ച് ജനങ്ങളുടെ വിശ്വാസം ആർജിക്കേണ്ടത് ആശുപത്രികളുടെ ഉത്തരവാദിത്തമാണ്. ആന്റീബയോട്ടിക്കുകൾ ശാസ്ത്രീയമായ രീതിയിലാണ് അവിടെ ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടത് ആശുപത്രികളുടെ ഉത്തരവാദിത്തമാണ്. അതുകൊണ്ട് ഈയൊരു ലക്ഷ്യത്തിലേയ്ക്ക് ഐ.എം.എ.യുടെ സഹായം തേടിയിട്ടുണ്ട്. ഐ.എം.എ. പൂർണ്ണമായ പിന്തുണ ഇതിന് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. മറ്റ് സംഘടനകളും ഇക്കാര്യത്തിൽ പിന്തുണ അറിയിച്ചിട്ടുണ്ട്. കൂട്ടായ പ്രവർത്തനത്തിലൂടെ കൂടുതൽ ആശുപത്രികളെ ഇതിലേയ്ക്ക് കൊണ്ടുവരാമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നിട്ടും പുറത്ത് നിൽക്കുന്ന ആശുപത്രികളുണ്ടെങ്കിൽ അത് പബ്ലിക് സ്പെയിസിൽ ആശുപത്രികളേതെല്ലാമെന്ന് വ്യക്തമാക്കിക്കൊണ്ട് അവയെക്കൂടി ഇതിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള ഒരു പ്രവർത്തനമാണ് നടത്തുന്നത്. ഇതിന്റെ ഭാഗമായുള്ളബാക്കി കാര്യങ്ങളിൽ വിശദമായ മറുപടിയുണ്ട്. അത് ഇതിനോടൊപ്പം ടേബിൾ ചെയ്യുകയാണ്[+].

---

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ശ്രീ. ചാണ്ടി ഉമ്മൻ സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

(സബ്മിഷൻ)